# പതിമൂന്നാം കേരള നിയമസഭ

## എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9 — 18.03.2013ൽ മറുപടിയ്ക്ക്

### കടലാസ് രഹിത ഫയൽ പ്രോസസിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ കടലാസ് രഹിത ഫയൽ പ്രോസസിംഗ് സംവിധാനം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു; വിശദാംശങ്ങൾ നൽകുമോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, ഭക്ഷ്യവും-പൊതു വിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന പേരിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളിൽ കടലാസ് രഹിത ഫയൽ സംവിധാനം ഇ-ഓഫീസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കേരള സംസ്ഥാന ഐ.റ്റി. മിഷൻ, കേരള സംസ്ഥാന സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്റ്റ്, അക്ഷയാ, സിറ്റിസെൻ കോൾ സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, അനർട്ട്, സ്റ്റേറ്റ് ഇ- ഗവേർണൻസ് മിഷൻ ടീം എന്നീ പൊതു മേഖലാ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം നിലവിൽ ഏതെങ്കിലും വകുപ്പുകളിൽ | (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കടലാസ് രഹിത ഫയൽ പ്രോസസിംഗ് |

| | | | |
|---|---|---|---|
| | പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വിജയകരമായിരുന്നോ; എന്തെല്ലാം പോരായ്മകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | | സംവിധാനം ഡി. ഡി. എഫ്. എസ് എന്ന പേരിൽ ഉന്നതവിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യ, ഭക്ഷ്യവും-പൊതുവിതരണവും എന്നീവകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കടലാസ് രഹിത ഫയൽ പ്രോസസിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ